"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൽ 1998-99 കാലഘട്ടത്തിൽ നടപ്പാക്കിയ കുടിവെള്ള/ ജലസേചനപദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. മോഹനനെതിരെ സ്വീകരിച്ചു വന്ന അച്ചടക്ക നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കിയും, അപ്രകാരം അച്ചടക്കനടപടി തീർപ്പാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1202/2026/LSGD തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:-

1. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കിയുടെ 30.09.2000 ലെ എൻ.എം.ഐ 3/157/00 നമ്പർ കത്ത്
2. വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.11.2009 ലെ E6(VE13/2007/IDK) 22288/2007 നമ്പർ കത്ത്
3. ഗ്രാമ വികസന കമ്മീഷണറുടെ 19.03.2019 ലെ 2044/ എസ്റ്റാ.എ2/02/സി.ആർ.ഡി നമ്പർ കത്ത്
4. സർക്കാരിന്റെ 02.07.2020 ലെ ഇ.ആർ.ബി3/63/2014/ത.സ്വ.ഭ.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ.എസ് മോഹനൻ 25.02.2021 തിയതിയിൽ സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൽ 1998-99 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം നടപ്പാക്കിയ കുടിവെള്ള/ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട് 1,73,142/-രൂപയുടെ ക്രമക്കേടുകൾ നടത്തിയതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും, ശ്രീ.എസ് മോഹനൻ വയനാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർ (മുൻ കട്ടപ്പന BDO) ക്ക് എതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് കാലതാമസം നേരിടുമെന്നതിനാൽ ഇക്കാര്യത്തിൽ ഗ്രാമവികസന വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥനെ കൊണ്ട് അടിയന്തരമായി അന്വേഷണം നടത്തി, സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ, ടിയാന്റെ DCRG- യിൽ നിന്നും ഈടാക്കി വിവരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന്, ടി വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും ലോക്കൽ ഫണ്ട് ഓഡിറ്റ്

പരിഗണിച്ചത് ഓരോ പ്രോജക്ടിനും ഉപയോഗിച്ചിരിക്കുന്ന യന്ത്ര-സാധന സാമഗ്രികളുടെ വിലയാണെന്നും ഇതോടൊപ്പം സമർപ്പിച്ച പ്രതിഷ്ഠാപന ചെലവും ട്രാൻസ്പോർട്ടേഷൻ ചെലവും ചേർന്ന ക്വട്ടേഷനുകൾ പാടെ അവഗണിക്കുകയായിരുന്നെന്നും, സാധന സാമഗ്രികളുടെ നിരക്കിനൊപ്പം പ്രതിഷ്ഠാപന ചെലവ് കൂടിയടങ്ങിയ ക്വട്ടേഷനുകളാണ് ജി &എസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തതെന്നും ഈ വസ്തുത ഓഡിറ്റ് റിപ്ലൈയിൽ പഞ്ചായത്തധികൃതർ വ്യക്തമാക്കിയെങ്കിലും സ്വീകരിക്കപ്പെടുകയുണ്ടായില്ലെന്നും അവർ ക്വട്ടേഷൻ തുക അവഗണിച്ച് ഓരോ പദ്ധതിക്കും ഉപയോഗിച്ചിരുന്ന പമ്പ്, പൈപ്പ്, മറ്റനുബന്ധ സാമഗ്രികൾ എന്നിവയുടെ വില, വിലവിവരപ്പട്ടികയ്ക്കനുസൃതമായി കണക്കാക്കി കൂലിച്ചെലവും ട്രാൻസ്പോർട്ടേഷൻ ചെലവും ഒഴിവാക്കിയാണ് നഷ്ടം കണക്കാക്കിയിരിക്കുന്നതെന്നും, വസ്തുതകൾ ബോധ്യപ്പെടാതെയല്ല, സാങ്കേതികത്വങ്ങൾ നിരത്തിയാണ് ഓഡിറ്റ് നഷ്ടം ഉണ്ടായതായി സ്ഥാപിച്ചിരിക്കുന്നതെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നും, വസ്തുതകൾ അപഗ്രഥിച്ച് നടത്തിയ അന്വേഷണത്തിൽ ഈ പദ്ധതി നടത്തിപ്പിൽ ബോധപൂർവ്വമായ അഴിമതിയൊന്നും നടന്നിട്ടില്ലായെന്നും, ജി & എസ് ഇലക്ട്രിക്കൽസ് ഹാജരാക്കിയ ക്വട്ടേഷൻ അനുസരിച്ചുള്ള തുക മാത്രമാണ് ഓരോ പദ്ധതിയും നടപ്പിലാക്കിയതിന് ബ്ലോക്ക് പഞ്ചായത്ത് നൽകിയിരിക്കുന്നത് എന്നും ആയതിനാൽ സാമ്പത്തിക നഷ്ടമൊന്നുമുണ്ടായിട്ടില്ലെന്നും ഗ്രാമവികസന കമ്മിഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച ഒരു വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ വിജിലൻസ് കോടതിയുടെ അന്തിമ വിധി വരുന്നതുവരെ ലോക്കൽ ഫണ്ട് ഓഡിറ്റ് തിട്ടപ്പെടുത്തിയ 1,73,142/- രൂപ ടിയാന്റെ ഡിസിആർജി യിൽ നിന്നും തടഞ്ഞുവച്ച് മറ്റുള്ള ആനുകൂല്യങ്ങൾ ശ്രീ.എസ്.മോഹനന് നൽകാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിരുന്നു.

ശ്രീ.എസ്.മോഹനൻ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ആയിരിക്കെ 31.03.2010- ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ, കെ എസ് ആർ ഭാഗം 3 റൂൾ 59(d) പ്രകാരം ടിയാനെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികൾ 20 വർഷം മുൻപാണ് നടന്നതെന്നും, ഒരു വീഴ്ച്ചയിൽ നട്ടെല്ലിനും തലയ്ക്കും ക്ഷതമേറ്റ് ചികിൽസയിലായതിനാൽ അന്നെന്താണ് നടന്നതെന്നുള്ളത് ഓർത്തെടുക്കാൻ പറ്റുന്നില്ലെന്നും, കഴിഞ്ഞ ഒരു വർഷമായി മാനസികരോഗത്തിനും ചികിൽസയിലാണെന്നും നടപ്പിലാക്കിയ പദ്ധതികളെല്ലാം 20 വർഷം കഴിഞ്ഞതിനാൽ നശിച്ചുപോയിരിക്കാമെന്നും, നട്ടെല്ല് വേദനകാരണം കട്ടപ്പന വരെ പോയി വെരിഫൈ ചെയ്യാൻ കഴിയില്ലെന്നും, നേരിട്ട് കണ്ട് കാര്യങ്ങൾ ബോധിപ്പിക്കുന്നതിന് സമയവും തീയതിയും അനുവദിക്കണമെന്നും ടിയാൻ പരാമർശം (5) പ്രകാരം അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 22.03.2021-ൽ സർക്കാർ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ടതിൽ കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയിലെ കാര്യങ്ങൾ തന്നെ ആവർത്തിക്കുകയും, താൻ വിരമിച്ചിട്ട് പത്ത് വർഷത്തിലേറെയായെന്നും, ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കിയിട്ട് ഇരുപത് വർഷം കഴിഞ്ഞുവെന്നും വാർദ്ധക്യസഹജമായ അസുഖങ്ങൾക്ക് ചികിത്സയിലാണെന്നും തന്റെ പേരിൽ ഒരു നടപടിയും എടുക്കരുതെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൽ 1998-99 കാലയളവിൽ നടപ്പിലാക്കിയ കുടിവെള്ള- ജലസേചന പദ്ധതികളിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വി.ഇ.13/07/ ഐ.ഡി.കെ നമ്പർ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ

എസ്.മോഹനനിൽ നിന്ന് റിക്കവറി ശുപാർശ ചെയ്തിട്ടില്ല അച്ചടക്ക നടപടി മാത്രമാണ് ശുപാർശ ചെയ്തിട്ടുള്ളത്. IAY ഭവനനിർമാണപദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട മുവാറ്റുപുഴ കോടതിയിൽ വിചാരണയിലുള്ള വി.സി.3/06/ ഐ.ഡി.കെ നമ്പർ കേസ് നിലവിലുള്ളതിനാൽ ശ്രീ.മോഹനന് പ്രൊവിഷണൽ പെൻഷൻ മാത്രമാണ് നൽകിയിട്ടുള്ളത്. കൂടാതെ സർവ്വീസ് ആനുകൂല്യങ്ങളും നൽകിയിട്ടില്ലായിരുന്നു. വിജിലൻസിന്റെ അന്വേഷണത്തിൽ ടിയാൻ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. വകുപ്പുതല അന്വേഷണത്തിൽ ടിയാന്റെ ഭാഗത്തു നിന്നും ബോധപൂർവ്വമായ അഴിമതിയൊന്നും നടന്നിട്ടില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ വി.സി. 3/06/ ഐ.ഡി.കെ നമ്പർ ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ടതാണെന്നും, ഇതിന് വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കുടിവെള്ള പദ്ധതി ക്രമക്കേടുമായി ബന്ധപ്പെട്ട വി.ഇ.13/07/ ഐ.ഡി.കെ നമ്പർ ശുപാർശയിലെ നടപടിയുമായി ബന്ധമില്ലെന്ന് വിജിലൻസ് വകുപ്പ് അറിയിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ ഗ്രാമ വികസന കമ്മിഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ശ്രീ. എസ് മോഹനൻ സർക്കാരിലേക്ക് നൽകിയ അപേക്ഷയും കണക്കിലെടുത്തുകൊണ്ട് വി.ഇ.13/07/ഐഡികെ നമ്പർ വിജിലൻസ് അന്വേഷണത്തിലെ ശിപാർശയിന്മേൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. മോഹനനെതിരെ സ്വീകരിച്ച് വന്ന അച്ചടക്ക നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കിയും അപ്രകാരം അച്ചടക്കനടപടി തീർപ്പാക്കി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1. ശ്രീ.എസ് മോഹനൻ, വയനാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർ (മുൻ കട്ടപ്പന BDO) (തസ്വഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
5. വിജിലൻസ് (ഇ) വകുപ്പ്
6. ധനകാര്യ (വികസന) വകുപ്പ്
7. വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media )
8. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 30-06-2026 11:16:01
സെക്ഷൻ ഓഫീസർ